# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 728 — 27/04/2017-ൽ മറുപടിയ്ക്ക്.

## പാലിലെ മായം പരിശോധിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.കെ.ബി ഗണേഷ് കുമാർ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പാലിലെ മായം പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും ക്ഷീര വികസന വകുപ്പിന്റെയും ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെയും ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇതിനായി പ്രസ്തുത വകുപ്പുകൾ തമ്മിൽ ഏകോപിപിച്ച് പ്രവർത്തിക്കാറുണ്ടോ ; | (എ) ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് ആക്ട്, 2006, റൂൾ 2011, റഗുലേഷൻസ് 2011 എന്നീ നിയമങ്ങൾ പ്രകാരം പാൽ ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളിൽ അടങ്ങിയിട്ടുള്ള മായം കണ്ടെത്തുന്നതിനും നിയമപരമായ നടപടികൾ എടുക്കുന്നതിനും ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിലുള്ള ഫുഡ് സേഫ്റ്റി ഓഫീസർമാർക്കും, ഡെസിഗ്നേറ്റഡ് ഓഫീസർമാർക്കും ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്കും ചുമതലകൾ നിർവ്വചിച്ച് നൽകിയിട്ടുണ്ട്. ക്ഷീര വികസന വകുപ്പും ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റും ഏകോപിപ്പിച്ച് പ്രവർത്തിക്കുവാൻ നിയമപരമായി സാധ്യമല്ല.<br>ഓണക്കാലത്ത് മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് അതിർത്തി ചെക്ക് പോസ്റ്റുകളിൽ താല്ക്കാലിക സംവിധാനം ഏർപ്പെടുത്തുന്ന സമയത്ത് മാത്രമാണ് ക്ഷീര വികസന വകുപ്പും ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റും ഏകോപിപ്പിച്ചുള്ള പ്രവർത്തനം നടക്കുന്നത്. |
| (ബി) ഏതെല്ലാം സ്വകാര്യ കമ്പനികളാണ് സംസ്ഥാനത്ത് പാൽ വിതരണം | ബി) സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഏകദേശം 40- ഓളം സ്വകാര്യ കമ്പനികൾ കേരളത്തിൽ |

നടത്തുന്നത് ; ഇവർ വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; മാസത്തിൽ എത്ര തവണ പരിശോധന നടത്താറുണ്ട് ; മായം കലർത്തിയ കമ്പനികൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അക്കാരണത്താൽ ഏതെല്ലാം കമ്പനികളെയാണ് നിരോധിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ ;

പാൽ വിപണനം നടത്തുന്നുണ്ട്. പാൽ പരിശോധന നടത്തുന്നതിന് 14 ജില്ലകളിലും ഗുണനിയന്ത്രണ ലാബുകളും , കോട്ടയം, ആലത്തൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ മൂന്ന് റീജിയണൽ ലാബുകളും തിരുവനന്തപുരത്ത് NABL(National Accreditation Board for Testing and Calibration Laboratories) അക്രഡിറ്റേഷനുള്ള അത്യാധുനിക സംവിധാനങ്ങളോടു കൂടിയ ഒരു ലാബും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് 14 ജില്ലകളിലും മാസംതോറും ശരാശരി 25 മിൽക്ക് സാമ്പിളുകൾ എടുത്ത് പരിശോധിക്കുന്നുണ്ട്. എന്നാൽ ഇതിനു യാതൊരുവിധ നിയമ സാധുതയുമില്ലാത്തതിനാൽ ക്ഷീരവികസന വകുപ്പിന് നടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ല.

ക്ഷീര വികസന വകുപ്പിന് MMPO (Milk and Milk Products Order) അധികാരം ഉണ്ടായിരുന്ന 2000 മുതൽ 2006 വരെയുള്ള കാലയളവിൽ Sreebalaji, Tasteme, Palma, Graminpal, Anpur എന്നീ അഞ്ച് ഡയറികളുടെ പാൽ വിപണനം സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. പ്രധാനമായും കേരളത്തിൽ പാൽ വിപണനം നടത്തുന്ന സ്വകാര്യ കമ്പനികളുടെ പട്ടിക ചുവടെ ചേർക്കുന്നു.

**ക്ഷീരവികസന വകുപ്പ്**

മാതാ, ഹെറിറ്റേജ്, മലനാട്,നന്ദൻ പാൽ, അമ്പാടി, ഹൈടെക്, ഗോപിക, വാഗമൺ, നാൻജിൽ, കേരള, പശുദ. ന്യൂട്രിനോ, കബനി,ശക്തി, അമൃത, കാവിൻസ്, ന്യൂട്രാ ശബരി, സഹാന, തിരുമല, കൃഷ്ണ, വാന്നൂർ, കംബംബേട്ട, കൗമ, പി.ഡി.ഡി.പി, ഓംകൃഷ്ണ, മലബാർ, കെ.എസ്, എ- വൺ, ഓംഗോ,ജീവ, സുഗുണ എന്നിവയാണ്.

**ഭക്ഷ്യസുരക്ഷാ വകുപ്പ്**

അമ്പാടി, ക്ഷീര, ഐ.ഡി മിൽക്ക്, പാപാസ്, മാതാ, നഞ്ചിൽ മിൽക്ക്, ഹെറിറ്റേജ്, ജേഷ്ഠ, എ 1, ലയാ മിൽക്ക്, എ.എം.പി.എം മിൽക്ക്, ഐശ്വര്യ

ഡയറി ഫാം, പൂരം ഡയറി ഫാം, മലനാട് മിൽക്ക്, കാവിൻസ് മിൽക്ക്, വാഗമൺ മിൽക്ക്, ശക്തി, കുരിശുമല, ഹിമാ മിൽക്ക്, ഗോകുലം, നാച്ചുറാ ഡിലൈറ്റ് ആരോമ,സുഗുണ, സഹാന, റിച്ച് മിൽക്ക്, പാലിക,പി.ഡി.ഡി.പി, ഹൈറേഞ്ച് മിൽക്ക്, അമൃത്, ഗോപിക, ജീവ മിൽക്ക്, മലബാർ മിൽക്ക്, കൗമാ മിൽക്ക്, എ.ബി.ടി ഫുഡ്സ്, ജനത, നന്ദിനി എന്നീ സ്വകാര്യ കമ്പനികളും ഓംഗോ ഡയറി, പാൽമാ ഡയറി, വൈറ്റ് ഫീൽഡ് ഡയറി, ഓം കൃഷ്ണ ഡയറി, കെ.എസ്. ഡയറി, ഗോപിക ഡയറി, സാപിൻസ് ഡയറി, റിമ ഡയറി എന്നീ ഡയറികളും സംസ്ഥാനത്ത് പാൽ വിതരണം നടത്തുന്നു.

ഗുണനിലവാരം പരിശോധിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള ഭക്ഷ്യ സുരക്ഷ ഉദ്യോഗസ്ഥർ സാമ്പിളുകൾ ശേഖരിച്ച് ലാബോറട്ടറികളിൽ അയച്ച് പരിശോധിച്ചു വരുന്നു.

മാസത്തിൽ രണ്ട് തവണ ഭക്ഷ്യസുരക്ഷാ വകുപ്പിൽ വിവിധ സ്ക്വാഡുകൾ രൂപീകരിച്ച് പൊതുവായിട്ട് ഭക്ഷ്യ വസ്തുക്കളുടെ സർവയലൻസ് സാമ്പിളുകളും സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും എടുത്ത് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്.മായം ചേർത്ത് വിൽപന നടത്തിയ കമ്പനികൾക്കെതിരെ ഭക്ഷ്യസുരക്ഷാ വകുപ്പ് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ സ്വകാര്യ പാൽ വിതരണ കമ്പനികളെ ഭക്ഷ്യസുരക്ഷാ വകുപ്പ് നിരോധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ.